**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.979 09.08.2017 ൽ മറുപടിയ്ക്ക്**

## കലാലയങ്ങളിലെ ലഹരി പദാർത്ഥങ്ങളുടെ ലഭ്യത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ കലാലയങ്ങളിലേയ്ക്ക് അയൽ സംസ്ഥാനങ്ങളിൽ നിന്ന് വൻതോതിൽ ലഹരി പദാർത്ഥങ്ങൾ എത്തുന്ന പുതിയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തി കൊണ്ടുവന്ന് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ലഹരി വസ്തുക്കൾ സംസ്ഥാനത്തെ കലാലയങ്ങളിലും എത്തിച്ചേരുന്നതിനുള്ള സാധ്യത നിലനിൽക്കുന്ന സാഹചര്യം പരിഗണിച്ച് കലാലയങ്ങളിലും പരിസരങ്ങളിലും കർശന നിരീക്ഷണവും പരിശോധനകളും നടത്തി വരുന്നുണ്ട്. |
| (ബി) | മാനസിക രോഗത്തിന് നൽകുന്ന അലോപ്പതി ഗുളികകളും കാപ്സ്യൂളുകളുമാണ് ലഹരിക്കായി വിദ്യാർത്ഥികളിൽ എത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | തമിഴ് നാട്, പുതുച്ചേരി, ഗോവ, ബംഗളൂരു എന്നിവിടങ്ങളിൽ ഇത്തരം ഗുളികകളെത്തുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | ലഹരിക്കായി ദുരുപയോഗം ചെയ്യുന്ന ഗുളികകളുടെയും കാപ്സ്യൂളുകളുടെയും ഉറവിടം സംബന്ധിച്ച് എക്സൈസ് വകുപ്പ് അന്വേഷണം നടത്തി വരുന്നു. ഡോക്ടറുടെ കുറിപ്പ് പ്രകാരം മാത്രം നൽകേണ്ട ഇത്തരം മരുന്നുകളുടെ അനധികൃത വിൽപ്പന തടയുന്നതിന് ഡ്രഗ്സ് കൺട്രോൾ വിഭാഗവുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ സംയുക്ത പരിശോധനകൾ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കൂടാതെ കലാലയങ്ങളിൽ മുൻകാലത്തെ അപേക്ഷിച്ച് കഞ്ചാവ് വിൽപ്പന സജീവമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കണ്ടെടുക്കുന്ന എൻ.ഡി.പി.എസ്. കേസുകളുടെ എണ്ണത്തിലുണ്ടായ വൻ വർദ്ധനവിന് ആനുപാതികമായി കലാലയങ്ങളുടെ പരിസരങ്ങളിൽനിന്നും കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിലും പ്രതികളാകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ കലാലയങ്ങൾക്കുള്ളിൽ കഞ്ചാവ് വിൽപന നടത്തുന്നതുമായി ബന്ധപ്പെട്ട് കേസുകൾ കണ്ടെടുത്തിട്ടില്ല. |
| (ഇ) | 999 ഗ്രാം വരെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്രനിയമം ഭേദഗതി ചെയ്തത് കഞ്ചാവിന്റെ ലഭ്യത എളുപ്പമാക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഇ) | 999 ഗ്രാം വരെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്തത് മൂലം 999 ഗ്രാം വരെ കഞ്ചാവ് വിൽപനക്കായോ ഉപയോഗത്തിനായോ കൈവശം വച്ച കുറ്റത്തിന് പിടിക്കപ്പെടുന്നവർ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. ആയത് മൂലം കഞ്ചാവിന്റെ ലഭ്യത വർദ്ധിക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**